പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 259

# 2025-ലെ കേരള മുൻസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 259

**2025-ലെ കേരള മുൻസിപ്പാലിറ്റി (ഭേദഗതി) ബിൽ**

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

783/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 259

# 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി)ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1994 - ലെ കേരള മുനിസിപ്പാലിറ്റി
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 90-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 90-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എം) ഖണ്ഡം ഒഴിവാക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 90-ാം വകുപ്പ് സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായി തുടരുന്നതിനോ അയോഗ്യനാകുന്ന സാഹചര്യങ്ങൾ വ്യക്തമാക്കുന്നു. പ്രസ്തുത വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ (എം) ഖണ്ഡം 'ഒരു ബധിരനും മൂകനും ആണെങ്കിൽ' എന്ന് അയോഗ്യതയുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടന അനുച്ഛേദം 14 പൗരന് നൽകുന്ന അവകാശം ഉറപ്പാക്കുന്നതിനും The Rights of Persons with Disabilities Act, 2016 (2016-ലെ 49-ാം കേന്ദ്ര നിയമം) എന്ന കേന്ദ്ര നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം ഭിന്നശേഷിക്കാർക്ക് നേരേയുള്ള വിവേചനം ഇല്ലാതാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നതിനും അവരോടുള്ള കരുതൽ പ്രകടിപ്പിക്കുന്നതിനുമായി മേൽപ്രസ്താവിച്ച വാക്കുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

783/2025.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. എൻ. ജയരാജ്.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ.

* * * * *

34. സ്ഥാനാർത്ഥികളുടെ അയോഗ്യത.—(1) ഒരാൾ ഒരു മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്നതിനോ തുടരുന്നതിനോ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ അയോഗ്യനായിരിക്കുന്നതാണ്:—

* * * * *

(എം) ഒരു ബധിരനും മൂകനും ആണെങ്കിൽ;

* * * * *